(ബി) ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

നാളികേര ടെക്നോളജി മിഷൻ

*23 [460] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നാളികേര ടെക്നോളജി മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരളത്തിൽ മാത്രമായി നാളികേര ടെക്നോളജി മിഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ നാളികേരകൃഷിയുള്ള എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നാളികേര ടെക്നോളജി മിഷൻ കേന്ദ്രസർക്കാർ 2002-03-ൽ രൂപീകരിക്കുകയും അവയിലുടെയുള്ള പദ്ധതികൾ കേരളത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

(ബി) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ സംസ്ഥാനത്ത് 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ മൊത്തം അടങ്കൽതുക 5696 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്ക് ആകെ 1366 ലക്ഷം രൂപ അനുവദിക്കുകയും, 784 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മലിനീകരണം ഒഴിവാക്കാൻ നടപടി

*24 [461] ശ്രീ. വി. ഡി. സതീശൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മലിനീകരണം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി). ഹൗസ്ബോട്ടുകൾ മുഖേന കായലുകളിലും കുട്ടനാടൻ പ്രദേശങ്ങളിലുമുണ്ടാകുന്ന മലിനീകരണം എപ്രകാരം ഒഴിവാക്കാം;

(സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

† അനുബന്ധം III
† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട മലിനീകരണം ഒഴിവാക്കുന്നതിനായി ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ വീതം 14 ജില്ലകളിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ വൃത്തിയാക്കുന്നതിനായി 14 ലക്ഷം രൂപയുടെ ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് 30 ലക്ഷം രൂപ വീതം ചെലവാക്കി സല്ലേജ് ടാങ്കറുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്. മറ്റു കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട് മുനിസിപ്പാലിറ്റികളിലും സല്ലേജ് ടാങ്കറുകൾ നല്കുന്നതിന് പരിഗണിക്കുന്നുണ്ട്. ഹൗസ്ബോട്ടുകൾ മൂലമുണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി 89,43,000 രൂപയ്ക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഹൗസ്ബോട്ടുകളിൽ ഘടിപ്പിക്കുന്നതിനും ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ റോഡുകൾ ക്ലീൻ ചെയ്യുന്നതിന് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 'Eco Friendly' റോഡ് ക്ലീനിങ്ങ് മെഷീനുകൾ വാങ്ങുന്നതിനായി 18 ലക്ഷം രൂപയുടെ ഭരണാനുമതിയും നല്കിയിട്ടുണ്ട്.

(സി) 'ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതി' ഏർപ്പെടുത്തിയിരിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങളുടെ ഗുണദോഷങ്ങൾ

*25 [462] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ടി. പി. രാമകൃഷ്ണൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് നിശ്ചയിക്കുവാൻ രൂപപ്പെടുത്തിയിട്ടുള്ള റഗുലേഷൻ പ്രകാരം ക്രോസ് സബ്സിഡികൾ ക്രമേണ നിർത്തലാക്കുമെന്നും വൈദ്യുതി വിതരണം ചെയ്യാൻ വേണ്ടിവരുന്ന മുഴുവൻ ചെലവും ഉപഭോക്താക്കളിൽ നിന്നും ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വൈദ്യുതി നിരക്കുകൾ നിശ്ചയിക്കാൻ ഇന്നത്തെനിലയ്ക്ക് ഗാർഹികം, കാർഷികം, ചെറുകിട വ്യവസായികൾ, തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് എന്ത് അധിക ബാദ്ധ്യതകൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് വൈദ്യുതി നിരക്കിൽ നിലവിലുള്ളതിനേക്കാൾ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കെന്നും എന്തുതുക വീതമെന്നും വെളിപ്പെടുത്താമോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[15-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24(461)-ന്റെ ഉത്തരം ദയവായി കാണുക]

ക്ലീൻഡസ്റ്റിനേഷൻ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ

ക്രമ നമ്പർ	ജില്ല	കേന്ദ്രങ്ങളുടെ പേര്
1	തിരുവനന്തപുരം	ഈസ്റ്റ്ഫോർട്ട്, ഫോർട്ട് ഏരിയ, ഗാന്ധി പാർക്ക്, ബസ് സ്റ്റാന്റ്
2	കൊല്ലം	ബോട്ട്ജെട്ടിയും ബസ്സ്റ്റാന്റും
3	പത്തനംതിട്ട	എരുമേലി
4	ആലപ്പുഴ	ബോട്ട്ജെട്ടിയും ബസ്സ്റ്റാന്റും, ആലപ്പുഴ ബീച്ച്
5	കോട്ടയം	കുമരകം
6	എറണാകുളം	ഫോർട്ട് കൊച്ചി
7	ഇടുക്കി	കുമിളിയും മൂന്നാറും
8	പാലക്കാട്	മലമ്പുഴ ഉദ്യാനവും ബസ്സ്റ്റാന്റും
9	തൃശ്ശൂർ	തേക്കിൻകാട് മൈതാനവും തൃശ്ശൂർ റൗണ്ടും
10	കോഴിക്കോട്	കാപ്പാട് ബീച്ചും കോഴിക്കോട് ബീച്ചും
11	മലപ്പുറം	പടിഞ്ഞാറക്കര ബീച്ച്
12	വയനാട്	പൂക്കോട് തടാകം
13	കണ്ണൂർ	മുഴുപ്പിലങ്ങാട്
14	കാസർഗോഡ്	ബേക്കൽ ഫോർട്ടും ബേക്കൽ ബീച്ചും

LIBRARY ARCHIVES Kerala Legislative Assembly